HON'BLE MR. K. M. KORAH : (എ) ഉണ്ട്.

(ബി) ൧൯൪൭ മിഥുനമാസാവസാനം വരെ ശമ്പളവകയിൽ ൪,൩൪൨ രൂപായും, മൂലധനനിക്ഷേപങ്ങളിൽ ൫൦,൬൯൦ രൂപായും, മറ്റിനങ്ങളിലായി ൮൩൩൩ രൂപായും ചെലവാക്കീട്ടുണ്ട്.

(സി) മീൻ വളർത്തുവാനുള്ള കുളങ്ങളുടെ പണി ഇതുവരെ പൂർത്തിയായിട്ടില്ലെങ്കിലും കഴിഞ്ഞ പന്ത്രണ്ടു മാസങ്ങളിലായി ഏകദേശം ൫൪,൦൦൦ റാത്തൽ മത്സ്യം വിറ്റിട്ടുണ്ട്.

(ഡി) ഉണ്ട്. ൮,൩൬൪ രൂപാ.

(ഇ) ൧൨൫ രൂപാ (൧൨൫-൦-൦)

(എഫ്) ഉണ്ട്. ഡാക്ടർ സി. സി. ജാണിന്റെ സഹോദരിയാണ്.

ഉപ്പുവെള്ളംമൂലം നെൽകൃഷിനഷ്ടം.

584. MR. K. KUTTAPPAN (*Mavelikara III—Thandar Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കാർത്തികപ്പള്ളി താലൂക്കിൽ മുതുകുളം, കീരിക്കാട്ട്, കണ്ടല്ലൂർ എന്നീ സ്ഥലങ്ങളിൽ ഉപ്പു വെള്ളം കയറി നെൽകൃഷി നഷ്ടപ്പെട്ടു പോയതു ഗവണ്മെൻറിനറിയാമോ?

(ബി) നെൽകൃഷിചെയ്യുന്ന സ്ഥലങ്ങളിൽ ഉപ്പുജലം കയറാതിരിക്കത്തക്കവണ്ണം ഗവണ്മെൻറിൽനിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. M. KORAH : (a) Yes.

(b) Yes.

Reference re answering of questions.

MR. K. S. JOSEPH (*Thiruvalla VI—General*) : സർ, ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ൭൨൬-൦, ൭൨൭-൦ ചോദ്യങ്ങൾ പല തവണ ലിസ്റ്റിൽ ചേർത്തിട്ടും ഇതുവരെ ഗവണ്മെൻറിൽ നിന്നും അതിന് ഉത്തരം കിട്ടിയിട്ടില്ല. എങ്കിലും ആ ചോദ്യങ്ങളിൽ അടങ്ങിയിരിക്കുന്ന കാര്യം എന്താണെന്ന് അന്വേഷിച്ചു മന്ത്രിസഭ അതിന്മേൽ വേണ്ട നടപടി എടുക്കണമെന്നാണു അപേക്ഷയുണ്ട്.

MR. PRESIDENT : ചോദ്യം അയയ്ക്കുമ്പോൾതന്നെ ഇന്ന തീയതിക്ക് ഉത്തരം പറയണമെന്ന വ്യവസ്ഥയുണ്ട്. കഴിവുള്ളിടത്തോളം അതീയതിക്കുതന്നെ ഉത്തരം പറയേണ്ടതാണ്. ഇതിനെപ്പറ്റി ഞാൻ രണ്ടുമൂന്നു തവണ പ്രസ്താവിച്ചിട്ടുള്ളതാണ്. ഇതിൽ കൂടുതലായി എനിക്ക് ഒന്നും പറയാനില്ല. അടുത്ത സെഷൻ മുതൽ അതാതു തീയതിതന്നെ ഉത്തരം നൽകാൻ ശ്രമിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW : അങ്ങനെ മന്ത്രിമാക്ക് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

MR. PRESIDENT : ഈ സഭയിൽ പ്രസ്താവിക്കുന്നതിൽ കൂടുതലായി ഒന്നും ചെയ്തിട്ടില്ല.

MR. K. A. MATHEW : അങ്ങിനെ ഒരു നിർദ്ദേശം കൊടുക്കുന്നതു കായ്ക്ഷമമായിരിക്കുകയില്ലേ ?

MR. PRESIDENT : സഭയിൽ പ്രസ്താവിക്കണമെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

MR. P. NANOO (*Chirayinkil II—General*): സർ, പോലീസ് ഡിപ്പാർട്ട്മെന്റിനെപ്പറ്റി ഞാൻ ഒരു ചോദ്യം അന്വേഷിച്ചിരുന്നതിന് മറുപടി കിട്ടിയിട്ടില്ല.

MR. PRESIDENT : ചോദ്യങ്ങൾക്കു ഉത്തരം പറയേണ്ട രീതിയെപ്പറ്റി പറഞ്ഞുകഴിഞ്ഞു. കൂടുതലായി ഒന്നും പറയാനില്ല.

MR. K. K. CHELLAPPAN PILLAI (*Mevelikara II—General*) : ചില ചോദ്യങ്ങൾ അഡ്മിറ്റ് ചെയ്യാത്തതിനുള്ള കാരണങ്ങൾ കാണിക്കാൻ ദയവുണ്ടാകുമോ?

MR. PRESIDENT : സ്വീകരിക്കാത്ത ചോദ്യങ്ങൾ തക്കതായ കാരണങ്ങൾ വിവരിച്ചാണ് തള്ളിയിരിക്കുന്നത്. അഡ്മിറ്റ് ചെയ്യാത്തതിന്റെ കാരണങ്ങൾ മെമ്പറന്മാരെ അറിയിക്കുന്നതിന് പ്രത്യേകം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു. അങ്ങനെ അറിയിച്ചിട്ടുണ്ടെന്നുമാണ് എന്റെ അറിവു.

MR. P. T. CHACKO : ഞാൻ അയച്ചിട്ടുള്ള ഫസ്റ്റ്-ഓമത്തെ ചോദ്യം വളരെ പ്രധാനപ്പെട്ട ഒരു കായ്യത്തെ സംബന്ധിച്ചുള്ളതാണ്. ആ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന കായ്യത്തെ സംബന്ധിച്ചു ഗവണ്മെന്റിന്റെ നയം എന്താണെന്നു അറിയാൻ ജനങ്ങൾക്ക് വളരെ ആഗ്രഹമുണ്ട്. ആ ചോദ്യത്തിനു ഉത്തരം കിട്ടിയില്ലെങ്കിലും അതു സംബന്ധിച്ചു ഒരു പ്രസ്താവന ചെയ്യുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അയയ്ക്കുന്ന ചോദ്യങ്ങൾ എല്ലാം തന്നെ പ്രാധാന്യമുള്ളവയാണെന്നാണ് വിചാരിക്കേണ്ടതു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. President.]

ഈ അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർമാരോട് ഒന്നു പറയാനുണ്ട്. നിസ്സാരമായ ചോദ്യങ്ങൾ അയച്ചു ചോദ്യങ്ങളുടെ എണ്ണം കൂട്ടാതെ അത്യാവശ്യവും പ്രധാനവുമായ ചോദ്യങ്ങൾ മാത്രം അയയ്ക്കുന്നതിന് മെമ്പറന്മാർ ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രാവശ്യം അയച്ചിട്ടുള്ള ചോദ്യങ്ങളിൽ അപ്രധാനമായിട്ടുള്ള ചോദ്യങ്ങൾ ധാരാളമുണ്ടെന്നു പറയേണ്ടിവന്നതിൽ എനിക്കു വളരെ മനോവ്യഥയുണ്ട്. മേലാലെങ്കിലും ഇക്കാര്യത്തിൽ മെമ്പറന്മാർ പ്രത്യേകം ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

HON'BLE MR. C. KESAVAN : ഒരേ ചോദ്യത്തിന്റെ ഉത്തരം പല പ്രാവശ്യം പറയേണ്ടിവരുന്ന ഏർപ്പാടുകൂടി നിറുത്തിയാൽ കൊള്ളാമെന്നൊരപേക്ഷയുണ്ട്.

MR. PRESIDENT : ഇപ്പോഠംനിലവിലിരിക്കുന്ന റൂൾസ് അനുസരിച്ച് ഉത്തരം പറയേണ്ട തീയതി ചോദ്യം അയയ്ക്കുമ്പോൾ തന്നെ വിവരിക്കണമെന്നുണ്ട്. ഒരേ ചോദ്യം പല മെമ്പറന്മാർ പല തീയതികളിൽ ഉത്തരം പറയുന്നതിനായി അയച്ചാൽ ഈ പ്രയാസം ഉണ്ടാകുന്നതാണ്. അതിനൊരു മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ റൂൾസ് ഭേദഗതി ചെയ്യണം.

Reference re-hunger strike in the Alleppey jail.

MR. A. NESAMOY (*Vilavancode—S. I. U. C. Reserved*) : With your permission, Sir, I wish to enquire from the Hon'ble Minister for Law and order whether he has any statement to make to this House about the hunger strikers in the Alleppey Lock-up.

HO'BLE MR. A. THANU PILLAI : സർ, ഫങ്കർ സ്ട്രൈക്ക് നിറുത്തി എല്ലാവരും ആഹാരംകഴിച്ചു എന്നാണ് എനിക്കു കിട്ടിയിട്ടുള്ള അറിവ്. അല്ലാതെ അതു സംബന്ധിച്ചു ഭയത്തിനോ ആശങ്കയ്ക്കോ ഒന്നും വകയില്ല. പിന്നെ മറ്റു ഫാക്ടറിയിൽ കമ്മ്യൂണിസ്റ്റുകാരുടെ നിർബന്ധം മൂലം പിരിച്ചുവിട്ട ആളിനെ തിരിച്ചു ജോലിക്ക് എടുക്കുകയും ചെയ്തു. അങ്ങിനെ അവിടത്തെ സ്ട്രൈക്കും അവസാനിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly